## മധുരമായ കുട്ടികളെ - ഈ പഴയ ദേഹത്തിന്റെ ബോധം മറക്കൂ, ഇതിൽ നിന്ന് മമത്വം ഇല്ലാതാക്കുകയാണെങ്കിൽ നിങ്ങൾക്ക് *ഫസ്റ്റ് ക്ലാസ്സ്* ശരീരം ലഭിക്കും, ഈ ശരീരം വിനാശമായിരിക്കുന്നു

**ചോദ്യം:-** ഈ *ഡ്രാമയുടെ* ഉറച്ച നിയമം ഏതൊന്നാണ്, അതിനെ മനുഷ്യർക്കറിയില്ല?
**ഉത്തരം:-** എപ്പോഴാണോ ജ്ഞാനമുള്ളത് അപ്പോൾ ഭക്തിയില്ല എപ്പോഴാണോ ഭക്തിയുള്ളത് അപ്പോൾ ജ്ഞാനമില്ല. എപ്പോഴാണോ പാവന ലോകമുള്ളത് അപ്പോൾ ഒരു പതിതനും ഉണ്ടായിരിക്കില്ല അതു പോലെ എപ്പോഴാണോ പതിത ലോകമുള്ളത് അപ്പോൾ പാവനമായവരും ഇല്ല... ഇത് *ഡ്രാമയുടെ* ഉറച്ച നിയമമാണ്, ഇത് മനുഷ്യർക്കറിയില്ല.

**ചോദ്യം:-** സത്യമായ കാശീ കൽവട്ട് ചാട്ടം നടത്തുകയെന്ന് എന്തിനെ പറയും?
**ഉത്തരം:-** അന്തിമത്തിൽ ആരുടെയും ഓർമ്മ വരരുത്. ഒരു ബാബയുടെ മാത്രം ഓർമ്മയായിരിക്കണം, ഇതാണ് സത്യമായ കാശീ കൽവട്ട് ചാട്ടം. കാശീ കൽവട്ട് ചാട്ടം നടത്തുക അർത്ഥം പദവിയോടെ വിജയിക്കുക അൽപം പോലും ശിക്ഷ അനുഭവിക്കേണ്ടി വരരുത്.

**ഗീതം:-** വാതിൽക്കൽ പ്രതിജ്ഞയെടുത്ത് വന്നിരിക്കുന്നു....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു കാരണം കുട്ടികൾ ബാബയെ സ്വന്തമാക്കിയിരിക്കുന്നു അതുപോലെ ബാബയും കുട്ടികളെ സ്വന്തമാക്കിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ ദുഃഖത്തിൽ നിന്ന് മോചിപ്പിച്ച് ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും കൊണ്ട് പോകണം. ഇപ്പോൾ നിങ്ങൾ സുഖധാമത്തിലേക്ക് പോകുന്നതിന് വേണ്ടി യോഗ്യരായിക്കൊണ്ടിരിക്കുന്നു. പതിതനായ ഒരു മനുഷ്യനും പാവന ലോകത്തിലേക്ക് പോകാൻ സാധിക്കില്ല. നിയമമില്ല. ഈ നിയമവും നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. മനുഷ്യർ ഈ സമയത്ത് പതിതരും വികാരികളുമാണ്. ഏതുപോലെയാണോ നിങ്ങൾ പതിതരായിരുന്നത്, ഇപ്പോൾ നിങ്ങൾ എല്ലാ ശീലങ്ങളും ഇല്ലാതാക്കി സർവ്വ ഗുണ സമ്പന്നരായ ദേവീ-ദേവതകളായിക്കൊണ്ടിരിക്കുന്നു. ഗീതത്തിൽ പറഞ്ഞിരിക്കുന്നു - ഞങ്ങൾ ജീവിച്ചിരിക്കെ മരിക്കുന്നതിന് അഥവാ അങ്ങയുടേതാകുന്നതിന് വന്നിരിക്കുന്നു ഇനി അങ്ങ് ഞങ്ങൾക്ക് നിർദ്ദേശം നൽകും എന്തുകൊണ്ടെന്നാൽ അങ്ങയുടെ നിർദ്ദേശം സർവ്വോത്തമമാണ്. ബാക്കി ഏതെല്ലാം മതങ്ങളുണ്ടോ അതെല്ലാം ആസുരീയമാണ്. ഇത്രയും കാലം ഞങ്ങൾ ആസുരീയ മതത്തിലൂടെയാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. ലോകത്തിലുള്ളവർക്കും അറിയില്ല അവർ ഈശ്വരീയ മതത്തിന് വിരുദ്ധമായാണ് നടക്കുന്നതെന്ന്. രാവണ മതത്തിലാണ്. ബാബ പറയുന്നു കുട്ടികളേ അരകൽപമായി നിങ്ങൾ രാവണ മതത്തിലൂടെയാണ് നടന്ന് വന്നത്. അതാണ് ഭക്തി മാർഗ്ഗം രാവണ രാജ്യം. പറയാറുണ്ട് രാമ രാജ്യം ജ്ഞാന കാണ്ഡം, രാവണവണരാജ്യം ഭക്തി കാണ്ഡം, ഭക്തിയും വൈരാഗ്യവും. എന്തിനോടാണ് വൈരാഗ്യം? ഭക്തിയോടും പഴയ ലോകത്തോടും വൈരാഗ്യം. ജ്ഞാനം പകൽ, ഭക്തി രാത്രി. രാത്രിക്ക് ശേഷം പകൽ വരുന്നു. ഭക്തിയോടും പഴയ ലോകത്തോടും വൈരാഗ്യം. ഇതാണ് പരിധിയില്ലാത്ത സത്യമായ വൈരാഗ്യം. സന്യാസിമാരുടെ വൈരാഗ്യം വേറെയാണ്. അവർ കേവലം കുടുംബത്തിനോടാണ് വൈരാഗ്യം വെയ്ക്കുന്നത്. അതും *ഡ്രാമയിൽ* അടങ്ങിയിട്ടുണ്ട്. പരിധിയുള്ള വൈരാഗ്യം അഥവാ കർമ്മ സന്യാസം. പരിധിയില്ലാത്ത സന്യാസം എങ്ങനെ നിങ്ങൾ ചെയ്യണം - ബാബ മനസ്സിലാക്കി തരികയാണ്. നിങ്ങൾ ആത്മാവാണ്, ഭക്തിയിൽ ആത്മാവിന്റെ ജ്ഞാനവുമില്ല, പരമാത്മാവിന്റെ ജ്ഞാനവുമില്ല. നമ്മൾ ആത്മാവ് എന്താണ്, എവിടെ നിന്ന് വന്നു, എന്ത് പാർട്ടാണ് അഭിനയിക്കേണ്ടത്, ഒന്നും അറിയുന്നില്ല. സത്യയുഗത്തിൽ കേവലം ആത്മാവിന്റെ ജ്ഞനമാണുള്ളത്. നമ്മൾ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതെടുക്കുന്നു. പരമാത്മാ ജ്ഞാനത്തിന്റെ ആവശ്യം അവിടെയില്ല, അതുകൊണ്ട് പരമാത്മാവിനെ ഓർമ്മിക്കുന്നില്ല. ഈ *ഡ്രാമ* ഇങ്ങനെ ഉണ്ടാക്കിയിട്ടുള്ളതാണ്. ബാബ *നോളജ്ഫുളാണ്.* സൃഷ്ടി ചക്രത്തിന്റെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം ബാബയുടെ അടുത്ത് മാത്രമാണുള്ളത്. ബാബ നിങ്ങൾക്ക് ആത്മാവിന്റെയും പരമാത്മാവിന്റെയും ജ്ഞാനം നൽകിയിരിക്കുന്നു. നിങ്ങൾ ആരോടുവേണമെങ്കിലും ചോദിക്കൂ ആത്മാവിന്റെ രൂപം എന്താണ്? പറയും അത് ജ്യോതി സ്വരൂപമാണ്. എന്നാൽ അത് എന്ത് വസ്തുവാണ്, ഒന്നും തന്നെ അറിയില്ല. ഇപ്പോൾ നിങ്ങൾക്കറിയാം ആത്മാവ് തീർത്തും ചെറിയ നക്ഷത്ര സദൃശ ബിന്ദുവാണ്. ബാബയും നക്ഷത്ര സമാനമാണ്. എന്നാൽ ബാബയുടെ മഹിമ വലുതാണ്. ഇപ്പോൾ നിങ്ങൾക്ക് എങ്ങനെ മുക്തിയും ജീവൻ മുക്തിയും നേടാൻ സാധിക്കുമെന്ന് ബാബ മുന്നിലിരുന്ന് മനസ്സിലാക്കി തരികയാണ്. ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ നിങ്ങൾക്ക് ഉയർന്ന പദവി

നേടാൻ സാധിക്കും. മനുഷ്യർ ദാന-പുണ്യം, യജ്ഞം മുതലായവ ചെയ്യുന്നു. കരുതുന്നു ഭഗവാൻ ദയ ചെയ്ത് നമ്മളെ ഇവിടെ നിന്ന് കൊണ്ട് പോകും. അറിയില്ല, ഏതെങ്കിലും രൂപത്തിൽ ലഭിച്ചേക്കാം. ചോദിക്കൂ എപ്പോൾ ലഭിക്കും? അപ്പോൾ പറയും ഇനിയും വളരെ സമയമുണ്ട്, അന്തിമത്തിലാണ് ലഭിക്കുക. മനുഷ്യർ തീർത്തും അന്ധകാരത്തിലാണ്. നിങ്ങളിപ്പോൾ വെളിച്ചത്തിലാണ്. നിങ്ങളിപ്പോൾ ഗുപ്ത രൂപത്തിൽ പതിതത്തിൽ നിന്ന് പാവനമാക്കുന്നതിന് നിമിത്തമായിരിക്കുന്നു. നിങ്ങൾക്ക് വളരെ ശാന്തമായി ജോലി ചെയ്യണം. ഇങ്ങനെ സ്നേഹത്തോടെ മനസ്സിലാക്കി കൊടുക്കൂ മനുഷ്യനിൽ നിന്ന് ദേവത അഥവാ കക്കയിൽ നിന്ന് വജ്ര സമാനമായി ഞൊടിയിയിടയിൽ മാറും. ഇപ്പോൾ ബാബ പറയുന്നു കൽപ-കൽപം എനിക്ക് വന്ന് നിങ്ങൾ കുട്ടികളുടെ സേവനത്തിന് ഉപസ്ഥിതമാകണം. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത്, അത് മനസ്സിലാക്കി കൊടുക്കണം. അവിടെ ദേവതകൾ വളരെ സന്തോഷത്തിലാണ് കഴിയുന്നത്. ബാബയുടെ സമ്പത്ത് ലഭിച്ചു. യാതൊരു ചിന്തയുടെയും വ്യാകുലതയുടെയും കാര്യമില്ല. അള്ളാഹുവിന്റെ പൂന്തോട്ടമെന്ന് പാടിയിട്ടുണ്ട്. അവിടെ വജ്രങ്ങളുടെയും രത്നങ്ങളുടെയും കൊട്ടാരമുണ്ടായിരുന്നു, വളരെ ധനവാൻമാരായിരുന്നു. ഈ സമയം ബാബ നിങ്ങളെ ജ്ഞാന രത്നങ്ങളാൽ വളരെ വളരെ ധനവാൻമാരാക്കികൊണ്ടിരിക്കുന്നു. പിന്നീട് നിങ്ങൾക്ക് ശരീരവും*ഫസ്റ്റ്ക്ലാസ്സായത്* ലഭിക്കും. ഇപ്പോൾ ബാബ പറയുന്നു ദേഹ-അഭിമാനം ഉപേക്ഷിച്ച് ദേഹീ-അഭിമാനിയാകൂ. ഈ ദേഹവും ദേഹത്തിന്റെ സംബന്ധം തുടങ്ങി എന്തെല്ലാമാണോ ഉള്ളത് അതെല്ലാം ഭൗതീകമാണ്. നിങ്ങൾ സ്വയത്തെ ആത്മാവെന്ന് നിശ്ചയം ചെയ്യൂ, 84 ജന്മങ്ങളുടെ ജ്ഞാനം ബുദ്ധിയിലുണ്ട്. ഇപ്പോൾ നാടകം പൂർത്തിയാകുന്നു, ഇപ്പോൾ തിരിച്ച് തന്റെ വീട്ടിലേക്ക് പോകൂ. ബുദ്ധിയിലിപ്പോൾ ഈ സ്ഥൂലമായതിനെ ഉപേക്ഷിച്ച് കഴിഞ്ഞു എന്നായിരിക്കണം, അപ്പോഴേ ബുദ്ധി ബാബയോടൊപ്പം ഇരിക്കുകയും വികർമ്മം വിനാശമാകുകയും ചെയ്യൂ. ഗൃഹസ്ഥ വ്യവഹാരത്തിൽ കമല പുഷ്പ സമാനം കഴിയണം. ഉപരാമമായി കഴിയൂ. വാനപ്രസ്ഥി ഗൃഹസ്ഥത്തിൽ നിന്ന് വേറിട്ട് സന്യാസിമാരോടൊപ്പം പോയി ഇരിക്കുന്നു. എന്നാൽ അവർക്കെന്താണ് ലഭിക്കേണ്ടതെന്ന ജ്ഞാനമില്ല. വാസ്തവത്തിൽ മമത്വം അപ്പോഴാണ് ഇല്ലാതാകുന്നത് എപ്പോഴാണോ പ്രാപ്തിയെക്കുറിച്ച് കൂടി അറിയുന്നത്. അന്തിമ സമയം കുട്ടികളെയും കുടുംബത്തെയും ഓർമ്മ വരരുത്, അതുകൊണ്ടാണ് അകറ്റി നിർത്തുന്നത്. ഇവിടെ നിങ്ങൾക്കറിയാം ഈ പഴയ ലോകത്തിൽ നിന്ന് മമത്വം ഇല്ലാതാക്കുന്നതിലൂടെ നമ്മൾ വിശ്വത്തിന്റെ അധികാരിയാകും. ഇവിടെ നേട്ടം വളരെ വലുതാണ്. ബാക്കി എന്തെല്ലാമാണോ ചെയ്യുന്നത് - അൽപകാല സുഖത്തിനുള്ള പഠിത്തമാണ്. ഭക്തി ചെയ്യുന്നു അൽപകാല സുഖത്തിന് വേണ്ടി. മീരക്ക് സാക്ഷാത്ക്കാരമുണ്ടായി എന്നാൽ രാജ്യം നേടിയില്ലല്ലോ.

നിങ്ങൾക്കറിയാം ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കുന്നതിലൂടെ വലിയ പ്രതിഫലമാണ് ലഭിക്കുന്നത്. പവിത്രതയും ശാന്തിയും സമൃദ്ധിയും സ്ഥാപിക്കുന്നതിന് വേണ്ടി നിങ്ങൾക്ക് എത്ര വലിയ സമ്മാനമാണ് ലഭിക്കുന്നത്. ബാബ പറയുന്നു ഇപ്പോൾ ദേഹത്തിന്റെ ബോധത്തെ ഇല്ലാതാക്കി കൊണ്ടിരിക്കൂ. ഞാൻ നിങ്ങൾക്ക് സത്യയൂഗത്തിൽ *ഫസ്റ്റ്ക്ലാസ്സ്* ശരീരവും ശരീരത്തിന്റെ ബന്ധുക്കളേയും നൽകും. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോ ഇല്ല, അതുകൊണ്ട് എന്റെ നിർദ്ദേശത്തിലൂടെ കൃത്യമായി നടക്കൂ. മമ്മയും ബാബയും നടക്കുന്നു അതുകൊണ്ട് ആദ്യത്തെ ചക്രവർത്തീ പദം അവർക്ക് തന്നെയാണ് ലഭിക്കുന്നത്. ഈ സമയം ജ്ഞാന ജ്ഞാനേശ്വരിയാകുന്നു, സത്യയുഗത്തിൽ രാജരാജേശ്വരിയാകുന്നു. എപ്പോൾ ഈശ്വരന്റെ ജ്ഞാനത്തിലൂടെ നിങ്ങൾ രാജാക്കൻമാരുടെയും രാജാവായി മാറുന്നോ പിന്നീട് അവിടെ ഈ ജ്ഞാനം ഉണ്ടായിരിക്കില്ല. ഈ ജ്ഞാനം ഇപ്പോൾ നിങ്ങൾക്കുണ്ട്. ദേഹബോധം ഇപ്പോൾ ഇല്ലാതാക്കണം. എന്റെ ഭാര്യ, എന്റെ കുട്ടികൾ ഇതെല്ലാം മറക്കണം. ഇവരെല്ലാം മരിച്ചപോലെയാണ്. എന്റെ ശരീരവും മരിച്ചിരിക്കുന്നു. എനിക്ക് ബാബയുടെ അടുത്തേക്ക് പോകണം. ഈ സമയം ആത്മാവിന്റെ ജ്ഞാനവും ആർക്കുമില്ല. സത്യയുഗത്തിൽ ആത്മാവിന്റെ ജ്ഞാനമുണ്ടായിരിക്കും. അതും അന്തിമ സമയം എപ്പോഴാണോ ശരീരം വാർദ്ധക്യത്തിലെത്തുന്നത് അപ്പോഴാണ് ആത്മാവ് പറയുന്നത് - ഇപ്പോൾ എന്റെ ശരീരം വാർദ്ധക്യത്തിലെത്തിയിരിക്കുന്നു, ഇനിയെനിക്ക് പുതിയതെടുക്കണം. ആദ്യം നിങ്ങൾക്ക് മുക്തിധാമത്തിലേക്ക് പോകണം. സത്യയുഗത്തിൽ വീട്ടിലേക്ക് പോകണമെന്ന് പറയില്ല. വീട്ടിലേക്ക് മടങ്ങേണ്ട സമയം ഇതാണ്. ഇവിടെ സന്മുഖത്ത് എത്ര ഊതിയൂതിയാണ് നിങ്ങളുടെ ബുദ്ധിയിലിരുത്തുന്നത്. സന്മുഖത്ത് കേൾക്കുന്നതും മുരളിവായിക്കുന്നതും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ആത്മാവിനിപ്പോൾ തരിച്ചറിവ് ലഭിച്ചിരിക്കുന്നു, അതിനെ ജ്ഞാന നേത്രമെന്ന് പറയുന്നു. എത്ര വിശാലബുദ്ധി ആവശ്യമാണ്. ചെറിയ നക്ഷത്ര സമാനമായ ആത്മാവിൽ എത്ര *പാർട്ടാണ്* അടങ്ങിയിരിക്കുന്നത്. ഇപ്പോൾ ബാബയുടെ പിറകെ നമ്മളും ഓടും. ശരീരം എല്ലാവരുടേതും നശിക്കും. വിശ്വത്തിന്റെ ചരിത്രത്തിനും-ഭൂമിശാസ്ത്രത്തിനും ആവർത്തിക്കുക തന്നെ വേണം. വീടും കുടുംബവും ഉപേക്ഷിക്കരുത്. കേവലം മമത്വം ഇല്ലാതാക്കണം പവിത്രമാകണം. ആർക്കും ദുഃഖം നൽകരുത്. ആദ്യം ജ്ഞാനത്തിന്റെ മഥനം നടത്തൂ പിന്നീട് എല്ലാവരേയും സ്നേഹത്തോടെ ജ്ഞാനം കേൾപ്പിക്കൂ. ശിവബാബ വിചാര

സാഗരമഥനം നടത്തുന്നില്ല. ബ്രഹ്മാവ് കുട്ടികൾക്ക് വേണ്ടി ചെയ്യുന്നുണ്ട്. എങ്കിലും ഇങ്ങനെ കരുതൂ ശിവബാബയാണ് മനസ്സിലാക്കി തരുന്നത്. ബ്രഹ്മാവാണ് കേൾപ്പിക്കുന്നതെന്ന ബോധം അദ്ദേഹത്തിനില്ല. ശിവബാബയാണ് കേൾപ്പിക്കുന്നത്. ഇതിനെയാണ് നിരഹങ്കാരിത്വമെന്ന് പറയുന്നത്. ഓർമ്മിക്കേണ്ടത് ഒരു ശിവബാബയെയാണ്. ബാബ വിചാര സാഗര മഥനം ചെയ്ത്, അതാണ് കേൾപ്പിക്കുന്നത്. ഇനി കുട്ടികളും *ഫോളോ* ചെയ്യൂ. എത്ര സാധിക്കുമോ തന്നോട് തന്നെ സംസാരിച്ചുകൊണ്ടിരിക്കൂ, രാത്രിയിൽ ഉണർന്നിരുന്ന് ചിന്തിക്കണം. ഉറങ്ങിക്കൊണ്ടല്ല, എഴുന്നേറ്റിരിക്കണം. നമ്മൾ ആത്മാക്കൾ എത്ര ചെറിയ ബിന്ദുക്കളാണ്. ബാബ എത്ര ജ്ഞാനമാണ് മനസ്സിലാക്കി തന്നത് – സുഖം നൽകുന്ന ബാബയുടേത് അദ്ഭുതമാണ്! ബാബ പറയുന്നു നിദ്രയെ ജയിക്കുന്ന കുട്ടികളേ ദേഹ സഹിതം ദേഹത്തിന്റെ മിത്ര–സംബന്ധികൾ മുതലായ എല്ലാം മറക്കണം. ഇതെല്ലാം നശിക്കാനുള്ളതാണ്. നമുക്ക് ബാബയിൽ നിന്ന് തന്നെ സമ്പത്തെടുക്കണം മറ്റെല്ലാത്തിൽ നിന്നും മമത്വം ഇല്ലാക്കി ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ട് പവിത്രമാകണം. ശരീരം ഉപേക്ഷിക്കുമ്പോൾ ഒരാസക്തിയും ഉണ്ടായിരിക്കരുത്. ഇപ്പോൾ സത്യം–സത്യമായ കാശീ കൽവട്ട് നടത്തണം. സ്വയം കാശീനാഥനായ ശിവബാബ പറയുന്നു ഞാൻ, നിങ്ങളെല്ലാവരെയും കൊണ്ടു പോകുന്നതിന് വന്നിരിക്കുന്നു. കാശീ കൽവട്ട് ഇപ്പോൾ ചെയ്യേണ്ടി തന്നെ വരും. പ്രകൃതി ദുരന്തങ്ങളും ഇപ്പോൾ വരാനിരിക്കുന്നു. ആ സമയം നിങ്ങൾക്കും ഓർമ്മയിലിരിക്കണം. അവരും ഓർമ്മിച്ചു കൊണ്ട് കിണറ്റിൽ ചാടാറുണ്ട്. എന്നാൽ കിണറ്റിൽ ചാടുന്നതിലൂടെ പ്രയോജനമൊന്നുമില്ല. ഇവിടെ നിങ്ങൾക്ക് ശിക്ഷ അനുഭവിക്കേണ്ടാത്തവരായി മാറണം. അല്ലെങ്കിൽ ഇത്രയും പദവി നേടാൻ സാധിക്കില്ല. ബാബയുടെ ഓർമ്മയിലൂടെ മാത്രമാണ് വികർമ്മം വിനാശമാകുന്നത്. ഒപ്പമൊപ്പം നമ്മൾ 84 ന്റെ ചക്രം കറങ്ങുമെന്ന ജ്ഞാനവുമുണ്ട്. ഈ ജ്ഞാനത്തെ ധാരണ ചെയ്യുന്നതിലൂടെ നമ്മൾ ചക്രവർത്തീ രാജാവാകും. ഒരു വികർമ്മവും ചെയ്യരുത്. എന്തും ചോദിക്കാനുണ്ടെങ്കിൽ ബാബയോട് നിർദ്ദേശം ചോദിക്കാൻ സാധിക്കും. *സർജൻ* ഞാൻ ഒരാൾ മാത്രമല്ലേ. നേരിട്ടും ചോദിക്കാം, കത്തെഴുതിയും ചോദിക്കാം, ബാബ വഴി പറഞ്ഞ് തരും. ബാബ എത്ര ചെറിയ നക്ഷത്രമാണ് എന്നാൽ മഹിമ എത്ര വലുതാണ്. കർത്തവ്യം നിറവേറ്റിയിട്ടുണ്ട് അതുകൊണ്ടല്ലേ മഹിമ പാടുന്നത്. ഈശ്വരൻ തന്നെയാണ് സർവ്വരുടെയും സദ്ഗതി ദാതാവ്, ഇദ്ദേഹത്തിനും ജ്ഞാനം നൽകുന്നത് ആ ജ്ഞാനത്തിന്റെ സാഗരൻ പരംപിതാ പരമാത്മാവാണ്.

ബാബ പറയുന്നു – കുട്ടികളേ, ഒരു ബാബയെ ഓർമ്മിക്കുന്നതിനോടൊപ്പം അതി മധുരവുമാകണം. ശിവബാബ എത്ര മധുരമാണ്. സ്നേഹത്തോടെ എല്ലാവർക്കും മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുന്നു. ബാബ സ്നേഹത്തിന്റെ സാഗരനാണെങ്കിൽ തീർച്ചയായും സ്നേഹിക്കുക തന്നെയാണ് ചെയ്യുക. ബാബ പറയുന്നു മധുര–മധുരമായ കുട്ടികളേ, ആർക്കും മനസ്സാ–വാചാ–കർമ്മണാ ദുഃഖം നൽകരുത്. ഇനി നിങ്ങളോട് ആർക്കെങ്കിലും ശത്രുതയുണ്ടാകട്ടെ, എങ്കിലും നിങ്ങളുടെ ബുദ്ധിയിൽ ദുഃഖം നൽകുന്നതിന്റെ ചിന്ത വരരുത്. എല്ലാവരോടും സുഖത്തിന്റെ മാത്രം കാര്യം സംസാരിക്കണം. ഉള്ളിൽ ആരെ പ്രതിയും നീരസം വെയ്ക്കരുത്. നോക്കൂ, ആ ശങ്കരാചാര്യർ തുടങ്ങിയവരെ എത്ര വലിയ–വലിയ രജത സിംഹസത്തിലെല്ലാമാണ് ഇരുത്തുന്നത്. ഇവിടെ ശിവബാബ ആരാണോ നിങ്ങളെ കക്കയിൽ നിന്ന് വജ്ര സമാനമാക്കുന്നത്, ആ ബാബയുടേത് വജ്ര സിംഹാസനമായിരിക്കണം, എന്നാൽ ശിവബാബ പറയുന്നു ഞാൻ പതിത ശരീരത്തിലും പതിത ലോകത്തിലുമാണ് വരുന്നത്. എങ്ങനെയുള്ള ഇരിപ്പിടമാണ് ബാബ സ്വീകരിച്ചതെന്ന്, നോക്കൂ. തനിക്ക് വേണ്ടി ഒന്നും തന്നെ ചോദിക്കുന്നില്ല. എവിടെ വേണമെങ്കിലും ഇരുത്താം. പാടിയിട്ടുമുണ്ട് പായയിൽ ഇരിക്കുന്ന രചയിതാവിനെ കണ്ടു.... ഭഗവാൻ വന്ന് പഴയ പായയിലാണ് ഇരിക്കുന്നത്. ഇപ്പോൾ ബാബ സ്വർണ്ണിമയുഗീ വിശ്വത്തിന്റെ അധികാരിയാക്കുന്നതിനാണ് വന്നിരിക്കുന്നത്. പറയുന്നു എനിക്ക് ഈ പതിത ലോകത്തിൽ 3 അടി മണ്ണ് പോലും ലഭിക്കുന്നില്ല. വിശ്വത്തിന്റെ അധികാരിയാകുന്നതും നിങ്ങൾ തന്നെയാണ്. *ഡ്രാമയിൽ* എന്റെ *പാർട്ട്* തന്നെ ഇതാണ്. ഭക്തി മാർഗ്ഗത്തിലും എനിക്ക് സുഖം നൽകണം. മായ വളരെ ദുഃഖിയാക്കുന്നു. ബാബ ദുഃഖത്തിൽ നിന്ന് മുക്തമാക്കി ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും കൊണ്ട് പോകുന്നു. ഈ കളിയെ തന്നെ ആരും അറിയുന്നില്ല. ഈ സമയം ഒന്നാണ് ഭക്തിയുടെ *ഷോ,* അടുത്തതാണ് മായയുടെ *ഷോ. സയൻസ്* നോക്കൂ എന്തെന്തെല്ലാമാണ് ഉണ്ടാക്കിയിരിക്കുന്നത്. നമ്മൾ സ്വർഗ്ഗത്തിലാണ് ഇരിക്കുന്നതെന്നാണ് മനുഷ്യർ കരുതുന്നത്. ബാബ പറയുന്നു ഇത് ശാസ്ത്രത്തിന്റെ *ഷോയാണ്.* ഇതെല്ലാം പൊയ്ക്കഴിഞ്ഞു. ഇത്രയും വലിയ–വലിയ എല്ലാ കെട്ടിടങ്ങളും വീഴും, പിന്നീട് ഈ *സയൻസ്* സത്യയുഗത്തിൽ പ്രയോജനപ്പെടും. ഈ *സയൻസ്* കൊണ്ട് തന്നെയാണ് വിനാശം സംഭവിക്കുക. പിന്നീട് ഇതിലൂടെ തന്നെ വളരെയധികം സുഖവും അനുഭവിക്കും. ഇത് കളിയാണ്. നിങ്ങൾ കുട്ടികൾക്ക് വളരെ–വളരെ മധുരമാകണം. മമ്മയും ബാബയും ഒരിക്കലും ദുഃഖം നൽകാറില്ല. മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നു – കുട്ടികളേ ഒരിക്കലും പരസ്പരം വഴക്കടിക്കരുത്. എവിടെയും മാതാ–പിതാവിന്റെ മഹത്വം നഷ്ടമാക്കരുത്. ഈ ഭൗതീക സ്ഥൂല ശരീരത്തിൽ നിന്ന് മമത്വം ഇല്ലാതാക്കൂ. ഒരു ബാബയെ ഓർമ്മിക്കൂ. എല്ലാം നശിക്കാനുള്ള വസ്തുക്കളാണ്,

ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേക്ക് പോകണം. ബാബയെ സേവനത്തിൽ സഹായിക്കണം. സത്യം-സത്യമായ മുക്തി സൈന്യം നിങ്ങളാണ്, ഈശ്വരീയ സേവകരാണ്, വിശ്വത്തിന്റെ മുങ്ങിക്കൊണ്ടിരിക്കുന്ന തോണിയെ അക്കരെയെത്തിക്കുന്നു. നിങ്ങൾക്കറിയാം ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന്. രാവിലെ 3-4 മണിക്കെഴുന്നേറ്റ് വിചാര സാഗര മഥനം നടത്തൂ എങ്കിൽ വളരെയധികം സന്തോഷവുമുണ്ടാകും ഉറച്ചവരുമാകും. ആവർത്തനം നടത്തുന്നില്ലെങ്കിൽ മായ മറപ്പിക്കും. മഥനം നടത്തൂ ഇന്ന് ബാബ എന്താണ് മനസ്സിലാക്കി തന്നത്! ഏകാന്തതയിൽ ഇരുന്ന് വിചാര സാഗര മഥനം നടത്തണം. ഇവിടുത്തെ ഏകാന്തത വളരെ നല്ലതാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) മനസ്സാ-വാചാ-കർമ്മണാ ആർക്കും ദുഃഖം നൽകരുത്. ഒരു കാര്യവും മനസ്സിൽ വയ്ക്കരുത്. ബാബയ്ക്ക് സമാനം സ്നേഹത്തിന്റെ സാഗരമാകണം.

2) ഏകാന്തതയിലിരുന്ന് വിചാര സാഗര മഥനം നടത്തണം. മഥനം നടത്തി പിന്നീട് സ്നേഹത്തോടെ മനസ്സിലാക്കി കൊടുക്കണം. ബാബയുടെ സേവനത്തിൽ സഹായിയാകണം.

**വരദാനം:- തന്റെ മുഖത്തിലൂടെയും പെരുമാറ്റത്തിലൂടെയും ആത്മീയതയുടെ കുലീനതയുടെ അനുഭവം ചെയ്യിക്കുന്ന സമ്പൂർണ്ണ പവിത്രമായി ഭവിക്കൂ**

ആത്മീയ രാജകീയതയുടെ അടിത്തറ സമ്പൂർണ്ണ പവിത്രതയാണ്. സമ്പൂർണ്ണ പവിത്രത തന്നെയാണ് രാജകീയത. ഈ ആത്മീയ രാജകീയതയുടെ തിളക്കം പവിത്ര ആത്മാവിന്റെ സ്വരൂപത്തിലൂടെ കാണപ്പെടും. ഈ തിളക്കം ഒരിക്കലും മറയുകയില്ല. ആര് എത്ര തന്നെ സ്വയത്തെ ഗുപ്തമാക്കി വച്ചാലും അവരുടെ വാക്ക്, അവരുടെ സംബന്ധ-സമ്പർക്കം, ആത്മീയ വ്യവഹാരത്തിന്റെ പ്രഭാവം അവരെ പ്രത്യക്ഷമാക്കും. അതുകൊണ്ട് ഓരോരുത്തരും ജ്ഞാനത്തിന്റെ ധർപ്പണത്തിൽ നോക്കൂ എന്റെ മുഖത്തിൽ, പെരുമാറ്റത്തിൽ ആ രാജകീയത കാണപ്പെടുന്നുണ്ടോ അതോ സാധാരണ മുഖവും, സാധാരണ പെരുമാറ്റവുമാണോ?

**സ്ലോഗൻ:- സദാ പരമാത്മാ പാലനയുടെ ഉള്ളിൽ കഴിയുന്നത് തന്നെയാണ് ഭാഗ്യവാനാകുക.**